ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 05.06.2025**

## പ്രധാനവാർത്തകൾ

1. ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് രാജ്യമെങ്ങും വിപുലമായ ആഘോഷ പരിപാടികൾ. ആശംസകൾ നേർന്ന് രാഷ്ട്രപതിയും, പ്രധാനമന്ത്രിയും. പ്രകൃതി സൗഹൃദ വികസനമാണ് സംസ്ഥാനത്തിൻ്റെ നയമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

2. നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൻ്റെ സമ്പൂർണചിത്രം തെളിഞ്ഞു. പത്രിക പിൻവലിക്കാനുള്ള സമയം അവസാനിച്ചതോടെ മത്സരരംഗത്തുള്ളത് 10 സ്ഥാനാർഥികൾ.

3. കേരളത്തിൽ ബലിപെരുന്നാൾ ശനിയാഴ്ച. നാളെ നിശ്ചയിച്ചിരുന്ന പൊതു അവധി മറ്റന്നാളത്തേക്ക് മാറ്റി.

4. സംസ്ഥാനത്ത് 52 ദിവസത്തെ ട്രോളിങ് നിരോധനം തിങ്കളാഴ്ച അർധരാത്രി മുതൽ നിലവിൽ വരും. മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ വിതരണം ഉറപ്പാക്കുമെന്ന് മന്ത്രി സജി ചെറിയാൻ.

5. വിശുദ്ധ ഹജ്ജ് യാത്രയുടെ പ്രധാന ചടങ്ങായ അറഫ സംഗമം ഇന്ന് നടന്നു.

*****************************************************************

RNUTVPM

പരിസ്ഥിതി ജനറൽ

ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് രാജ്യമെങ്ങും വിപുലമായ ആഘോഷ പരിപാടികൾ. രാഷ്ട്രപതിയും പ്രധാനമന്ത്രിയും ഉൾപ്പെടെയുള്ള പ്രമുഖർ ജനങ്ങൾക്ക് ആശംസകൾ നേർന്നു. ഭാവി തലമുറയ്ക്കായി, കൂടുതൽ ഹരിതാഭമായ ഭൂമി സൃഷ്ടിക്കാൻ കൂട്ടായ പ്രവർത്തനം വേണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു ആശംസാ സന്ദേശത്തിൽ പറഞ്ഞു. ദിനാചരണത്തിൻറെ ഭാഗമായി പ്രധാനമന്ത്രി ന്യൂഡൽഹിയിലെ ഭഗവാൻ മഹാവീർ വനസ്ഥലി പാർക്കിൽ ആൽമരത്തൈ നട്ടു. ഡൽഹി സർക്കാരിന്റെ സുസ്ഥിര ഗതാഗത സംരംഭത്തിൻറെ ഭാഗമായ 200 ഇലക്ട്രിക് ബസുകളും അദ്ദേഹം ഫ്ലാഗ് ഓഫ് ചെയ്തു. പരിസ്ഥിതിയെ ഹരിതാഭമാക്കാൻ താഴേത്തട്ടിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും പ്രധാനമന്ത്രി ആശംസകൾ നേർന്നു.

*************************************************************

മുഖ്യമന്ത്രി - പരിസ്ഥിതി- ഇൻട്രോ

സുസ്ഥിര, പ്രകൃതി സൗഹൃദ വികസനമാണ് സംസ്ഥാനത്തിൻറെ നയമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പരിസ്ഥിതി ദിനത്തിൽ ലോകത്താകമാനമുണ്ടാകുന്ന ചർച്ചകൾക്ക് തുടർച്ചയുണ്ടാകാതെ പോകുന്ന സാഹചര്യം ഇല്ലാതാക്കണം എന്നതാണ് സർക്കാർ നിലപാടെന്നും അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു. പരിസ്ഥിതിമിത്രം പുരസ്കാര സമർപ്പണവും, പ്ലാസ്റ്റിക് ലഘൂകൃത ജീവിതശൈലി ക്യാമ്പയിൻ ഉദ്ഘാടനവും നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി. 2050 ഓടെ നെറ്റ് സീറോ കാർബൺ എമിഷൻ എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികളുമായി കേരളം മുന്നോട്ട് പോവുകയാണെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.
(ഹോൾഡ്)

ഹരിത കേരള മിഷൻറെ ഒരുകോടി വൃക്ഷത്തൈ നടൽ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനവും മുഖ്യമന്ത്രി ക്ലിഫ് ഹൗസ് കോമ്പൗണ്ടിൽ വൃക്ഷത്തൈ നട്ടുകൊണ്ട് നിർവഹിച്ചു.

*************************************************************

RNUTVPM

**നിലമ്പൂർ (ഇൻട്രോ)**

നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള സമയപരിധി ഇന്ന് അവസാനിച്ചതോടെ നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൻറെ മത്സരചിത്രം തെളിഞ്ഞു. 10 സ്ഥാനാർഥികളാണ് മത്സര രംഗത്തുള്ളത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി സുരേഷ് ബാബു...

(ഹോൾഡ്)

വോട്ടെടുപ്പ് ദിവസമായ ഈ മാസം 19 ന് നിലമ്പൂർ നിയമസഭാ മണ്ഡല പരിധിയിലെ എല്ലാ സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പൊതു അവധി പ്രഖ്യാപിച്ചിട്ടുണ്ട്. 23 നാണ് വോട്ടെണ്ണൽ.

****************************************************************************

**ബക്രീദ് അവധി**

സംസ്ഥാനത്ത് ബലിപെരുന്നാൾ ശനിയാഴ്ച. നാളെ നിശ്ചയിച്ചിരുന്ന പൊതു അവധി മറ്റന്നാളത്തേക്ക് മാറ്റി സംസ്ഥാന സർക്കാർ ഉത്തരവിറക്കി. സംസ്ഥാനത്തെ കേന്ദ്രജീവനക്കാരുടെ ബക്രീദ് അവധിയും മറ്റന്നാളത്തേക്ക് മാറ്റിയിട്ടുണ്ട്. നാളെ പ്രവൃത്തി ദിവസമായിരിക്കും.

RNU TVPM

****************************************************************************

**മന്ത്രി സജി ചെറിയാൻ**

സംസ്ഥാനത്ത് തിങ്കളാഴ്ച അർധരാത്രി മുതൽ ജൂലൈ 31 അർധരാത്രി വരെ ട്രോളിങ് നിരോധനം ഏർപ്പെടുത്തും. 52 ദിവസത്തെ ട്രോളിങ്ങ് നിരോധനം സംബന്ധിച്ച വിജ്ഞാപനത്തിന് മന്ത്രിസഭാ യോഗം അംഗീകാരം നൽകി. നിരോധന കാലത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഉപരിതല മത്സ്യബന്ധനം നടത്തുന്നതിന് തടസ്സമില്ല. ട്രോളിങ്ങ് ബോട്ടിൽ തൊഴിലെടുക്കുന്ന മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ട്രോളിങ്ങ് നിരോധന കാലയളവിൽ സൗജന്യ റേഷൻ വിതരണം ഉറപ്പാക്കുമെന്ന് ഫിഷറീസ് മന്ത്രി സജി ചെറിയാൻ അറിയിച്ചു. നിരോധനം ലംഘിയ്ക്കുന്ന ട്രോൾ

ബോട്ടുകൾക്കെതിരെ കർശന നിയമനടപടി സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

---

**കോവിഡ്**

രാജ്യത്ത് നിലവിൽ 4,866 പേർക്ക് കോവിഡ് ബാധ സ്ഥിരീകരിച്ചതായി കേന്ദ്ര ആരോഗ്യ മന്ത്രാലയം. ഇന്നലെ 564 പേർക്കാണ് പുതിയതായി കോവിഡ് സ്ഥിരീകരിച്ചത്. കേരളത്തിൽ 1,487 പേർക്കാണ് രോഗബാധ. 114 പേർക്ക് സംസ്ഥാനത്ത് ഇന്നലെ കോവിഡ് സ്ഥിരീകരിച്ചു. ഡൽഹി, പശ്ചിമബംഗാൾ, മഹാരാഷ്ട്ര, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിലും രോഗബാധിതരുടെ എണ്ണം 500-ന് മുകളിലാണ്.

---

**-ജമ്മു കശ്മീർ പ്രധാനമന്ത്രി**

പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ജമ്മു കശ്മീർ സന്ദർശിക്കും. കത്ര-ബാരാമുള്ള വന്ദേഭാരത് ട്രെയിനിന്റെ ഫ്ലാഗ് ഓഫ് പ്രധാനമന്ത്രി നിർവഹിക്കും ലോകത്തെ ഏറ്റവും ഉയരത്തിലുള്ള റെയിൽവേ ആർച്ച് പാലമായ, ചെനാബ് ബ്രിഡ്ജും, അംജിഖഡ് റെയിൽവേ പാലവും അദ്ദേഹം രാജ്യത്തിന് സമർപ്പിക്കും. . 46,000 കോടി രൂപയുടെ വികസന പദ്ധതികൾക്കും അദ്ദേഹം കത്രയിൽ തുടക്കം കുറിക്കും.

RIUTVPM

---

**ഗവർണർ**

രാജ്ഭവനിലെ പരിസ്ഥിതി ദിനാഘോഷ പരിപാടിയുമായി ബന്ധപ്പെട്ട വിവാദത്തിൽ പ്രതികരണവുമായി ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. ചടങ്ങിൽ ഭാരതാംബയുടെ ചിത്രം മാറ്റിവെയ്ക്കാൻ പറ്റില്ലെന്ന് അറിയിച്ചതുകൊണ്ടാണ് പരിപാടിക്ക് കൃഷി മന്ത്രി എത്താതിരുന്നതെന്നും, രാജ്യത്തിൻറെ അടയാളമായതിനാലാണ് ചിത്രം മാറ്റാൻ കഴിയാത്തതെന്നും ഗവർണർ പറഞ്ഞു. കൃഷിവകുപ്പിന്റെ പരിപാടി തുടർന്ന് സെക്രട്ടേറിയറ്റ് ദർബാർ ഹാളിലേക്ക് മാറ്റിയിരുന്നു. ഭരണഘടനയ്ക്ക് യോജിക്കാത്ത തരത്തിലുള്ള സമീപനം അംഗീകരിക്കാനാവില്ലെന്നായിരുന്നു കൃഷിമന്ത്രി പി പ്രസാദിൻറെ പ്രതികരണം.

---

മന്ത്രി പി പ്രസാദ്

സംസ്ഥാനത്ത് 1,670 ഹെക്ടർ ഭൂമിയിൽ പഴവർഗ്ഗ ക്ലസ്റ്റർ നടപ്പാക്കി, പഴവർഗ കൃഷി വ്യാപിപ്പിക്കുമെന്ന് മന്ത്രി പി പ്രസാദ്. കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ലഭിക്കുന്ന രീതിയിൽ നാടൻ പഴവർഗ ഇനങ്ങൾ പ്രോത്സാഹിപ്പിക്കുമെന്നും മന്ത്രി പറഞ്ഞു. ലോക പരിസ്ഥിതി ദിനാഘോഷത്തിൻറെ ഭാഗമായി കൃഷി വകുപ്പ് സംഘടിപ്പിച്ച ഫലവൃക്ഷത്തൈ നടീലിൻറെ സംസ്ഥാനതല ഉദ്ഘാടനം സെക്രട്ടറിയേറ്റ് ദർബാർ ഹാളിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.

*****************************************************************************

കൃഷി സങ്കല്പ് അഭിയാൻ (ഇൻട്രോ)

കർഷകരിലേക്ക് നൂതന സാങ്കേതികവിദ്യകൾ നേരിട്ടെത്തിക്കുന്നതിനുള്ള വികസിത് കൃഷി സങ്കല്പ് അഭിയാൻറെ ഭാഗമായി കോഴിക്കോട് ബാലുശ്ശേരി ബ്ലോക്കിന് കീഴിലുള്ള പഞ്ചായത്തുകളിൽ വിവിധ പരിപാടികൾ നടന്നു.

RNU TVPM

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു..

(ഹോൾഡ്)

*****************************************************************************

പുസ്തകോത്സവം

കേന്ദ്ര സർക്കാർ സ്ഥാപനമായ പബ്ലിക്കേഷൻസ് ഡിവിഷൻറെ തിരുവനന്തപുരം റീജിയണൽ ഓഫീസ്, അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ച് ആരംഭിച്ച പുസ്തകോത്സവം പുരോഗമിക്കുന്നു. ഗവൺമെൻറ് പ്രസിന് സമീപത്തുള്ള സെയിൽസ് എംപോറിയത്തിൽ ഈ മാസം 30 വരെ നടക്കുന്ന മേളയിൽ 600-ൽപരം ഗ്രന്ഥങ്ങൾ 10 മുതൽ 90 ശതമാനം വരെ വിലക്കുറവിൽ ലഭ്യമാണ്.

*****************************************************************************

അറഫ സംഗമം

വിശുദ്ധ ഹജ്ജ് യാത്രയുടെ പ്രധാന ചടങ്ങായ അറഫ സംഗമത്തിൽ ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് ഇസ്ലാംമത വിശ്വാസി

കൾ ഇന്ന് പങ്കെടുത്തു. ദുൽ-ഹിജ്ജയുടെ ഒമ്പതാം ദിവസം ആചരിക്കുന്ന അറഫ ദിനം തീർത്ഥാടന അനുഭവത്തിൻറെ പരിസമാപ്തിയെ കുറിക്കുന്നു. ഹജ്ജിൻറെ ആദ്യ ദിനമായ ഇന്നലെ മിനായിൽ പ്രാർത്ഥനയിൽ മുഴുകിയ ശേഷമാണ് തീർത്ഥാടകർ അറഫയിൽ സംഗമിച്ചത്.

*************************************************************

**ദേശീയപാത-സണ്ണി ജോസഫ്**

നിർമ്മാണത്തിലിരിക്കെ ദേശീയപാത തകർന്ന മലപ്പുറം ജില്ലയിലെ കൂരിയാട് കെപിസിസി പ്രസിഡൻറ് സണ്ണി ജോസഫ് എംഎൽഎ സന്ദർശിച്ചു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിരുത്തരവാദപരമായ പ്രവർത്തനങ്ങളുടെ അടയാളമാണ് ദേശീയപാതയുടെ തകർച്ചയെന്ന് അദ്ദേഹം പ്രതികരിച്ചു. പൊതുമരാമത്ത് മന്ത്രി മുഹമ്മദ് റിയാസ് കൂരിയാട് സന്ദർശിക്കാത്തതിനെയും ശ്രീ സണ്ണി ജോസഫ് രൂക്ഷമായി വിമർശിച്ചു.

*************************************************************

**കെ.എസ്.ഇ.ബി**

ബക്രീദ് അവധി ശനിയാഴ്ചയിലേക്ക് മാറ്റിയ സാഹചര്യത്തിൽ നാളെ കെ.എസ്.ഇ.ബി. കാര്യാലയങ്ങളും ക്യാഷ് കൌണ്ടറുകളും സാധാരണപോലെ പ്രവർത്തിക്കും. ശനിയാഴ്ച ക്യാഷ് കൌണ്ടറുകൾക്ക് അവധിയായിരിക്കുമെന്നും കെ.എസ്.ഇ.ബി അറിയിച്ചു.

*************************************************************

**ബ്ളോക്ക് പഞ്ചായത്ത് വാർഡുകൾ-ആക്ഷേപങ്ങൾ**

സംസ്ഥാനത്തെ 152 ബ്ളോക്ക് പഞ്ചായത്തുകളിലെ വാർഡുകൾ പുനർവിഭജിച്ചു കൊണ്ടുള്ള കരട് വിജ്ഞാപനത്തിൽ ആക്ഷേപങ്ങൾ സമർപ്പിക്കാനുള്ള അവസാനതീയതി ജൂൺ 10 ലേക്ക് നീട്ടി. ആക്ഷേപങ്ങളും അഭിപ്രായങ്ങളും ഡീലിമിറ്റേഷൻ കമ്മീഷൻ സെക്രട്ടറിക്കോ, ജില്ലാ കളക്ടർക്കോ നേരിട്ടോ രജിസ്ടേർഡ് തപാലിലോ നൽകാവുന്നതാണ്.

*************************************************************

RNU TVPM

TIME:18:30 DATE:2025-06-05

## സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ

2025 ലെ തദ്ദേശസ്വയംഭരണ പൊതുതിരഞ്ഞെടുപ്പ് പരിസ്ഥിതി സൗഹൃദമായും, ഹരിതചട്ടങ്ങൾ പാലിച്ചുമായിരിക്കും നടത്തുകയെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ.

ലോകപരിസ്ഥിതിദിനത്തോടനുബന്ധിച്ച് തിരഞ്ഞെടുപ്പ് കമ്മീഷൻ ആസ്ഥാനത്ത് കമ്മീഷണർ വൃക്ഷത്തൈ നട്ടു.

*********************************************************

***********************************************

******************************

RNU TVPM